Deivarajyam May 2019
●R.N.7623/63
Registered No. KL/ALY/0020/2017-2019 ●R.N. 7623/1963
Date of publication: 1/5/2019
●Posted at Thodupuzha Stg.
Annual Subscription ₹ 100.00


St. Philip


St. Athanatious


St. Mathias


Ascension


St. James


St. Dominic Savio


Visit of Mary

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

മെയ് 2019 വാല്യം 58 ലക്കം 5

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



# ആദരാഞ്ജലികൾ

## റവ. ഫാ. മാത്യു തെക്കേക്കര (Jr)



ഇടവക : കല്ലൂർക്കാട്
ജനനം : 02. 03. 1941
തിരുപ്പട്ടം : 18. 12. 1968
മരണം : 07. 04. 2019
മൃതസംസ്ക്കാരം : 10. 04. 2019

**സേവനരംഗങ്ങൾ:**
ആരക്കുഴ (അസ്തേന്തി)
പണിക്കൻകുടി, കരിമല, തിങ്കൾക്കാട്, കൈലാസം, ആലക്കോട്, പാണ്ടിപ്പാറ, മുരിക്കാശ്ശേരി, രാജപുരം, ജോസ്പുരം, നെടുങ്കണ്ടം, പാലാൽ,മൈലാടുംപാറ, മഞ്ഞപ്പെട്ടി, വാഴത്തോപ്പ്, താന്നിക്കണ്ടം, മഞ്ചിക്കവല, കലയന്താനി, ഊന്നുകൽ

# ആദരാഞ്ജലികൾ

## ബ്ര. ജോസ് കാവുംപുറം



ഇടവക : കാരക്കുന്നം
ജനനം : 16. 03. 1994
മരണം : 04. 04. 2019



ദൈവരാജ്യം

# ഉള്ളടക്കം




5 ലോകദൈവവിളി പ്രാർത്ഥനാദിനം സന്ദേശം
9 സർക്കുലർ
11 രൂപതക്കച്ചേരി
15 മൈനർ സെമിനാരി
15 വിജ്ഞാനഭവൻ
19 വിദ്യാഭ്യാസം
20 ബൈബിൾ അപ്പോസ്തലേറ്റ്
21 സോഷ്യൽ സർവീസ്
22 ചെറുപുഷ്പ മിഷൻലീഗ്
24 കെ. സി. എസ്. എൽ.
25 ഫാമിലി അപ്പോസ്തലേറ്റ്
27 മാതൃവേദി
28 DCMS
29 ഡി. എഫ്. സി.
30 യുവദീപ്തി
31 ജീസസ് യൂത്ത്
31 പ്രാർത്ഥനാഗ്രൂപ്പ്
32 കേരള ലേബർ മൂവ്മെന്റ്
33 നെസ്റ്റ് പ്രോഗ്രാം
34 രൂപതാദ്ധ്യക്ഷന്റെ ഡയറി
35 Bishop's Engagements
36 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 58
മെയ് 2019
ലക്കം 5

The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com



## പള്ളിയിൽ അറിയിക്കുവാൻ

### മെയ്

| | Page |
|---|---|
| രൂപത പ്രാർത്ഥനാദിനം | 12 |
| അഭിഭാഷക സംഗമം | 12 |
| ജൂബിലി സ്മാരക സ്കോളർഷിപ്പ് | 14 |
| മാതൃദിനം | 28 |

## തിരുനാളുകൾ


1 തൊഴിലാളി മദ്ധ്യസ്ഥൻ


14 വി. മത്തിയാസ് ശ്ലീഹ


2 വി. അത്തനേഷ്യസ്


19 മാർ അദ്ദായി


3 പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ


30 കർത്താവിന്റെ സ്വർഗാരോഹണം


6 വി. ഡൊമിനിക് സാവിയോ


31 പരി. കന്യകാമറിയത്തിന്റെ സന്ദർശനം

# ലോകദൈവവിളി പ്രാർത്ഥനാദിനം സന്ദേശം

മിശിഹായിൽ സ്നേഹമുള്ളവരേ,

നമ്മുടെ കുട്ടികളും യുവജനങ്ങളും അവരുടെ വിളിയെക്കുറിച്ചും അവരുടെ ഭാവിജീവിതത്തെക്കുറിച്ചും വളരെ ഗൗരവമായി ചിന്തിക്കുന്ന മാസങ്ങളാണല്ലോ ഏപ്രിൽ, മെയ് മാസങ്ങൾ. വിവിധ സ്ഥലങ്ങളിലായി ധാരാളം ദൈവവിളി ക്യാമ്പുകൾ ഈ മാസങ്ങളിൽ നടക്കാറുണ്ട്. ഈ സാഹചര്യം പരിഗണിച്ചുകൊണ്ട് എല്ലാ വർഷവും മെയ് മാസത്തിലെ ഒരു ഞായറാഴ്ച ലോകദൈവവിളി പ്രാർത്ഥനാദിനമായി സാർവ്വത്രിക സഭ ആചരിക്കാറുണ്ട്. ഇപ്രകാരം 2019 മെയ് മാസം 12-ാം തീയതി ഞായറാഴ്ച ലോകദൈവവിളി പ്രാർത്ഥനാദിനമായി സാർവ്വത്രികസഭ ആചരിക്കുകയാണ്. 2018 ഒക്ടോബർ 3 മുതൽ 28 വരെ റോമിൽ നടന്ന മെത്രാൻമാരുടെ സിനഡിന്റെ ഒരു പ്രമേയം യുവജനങ്ങൾ, വിശ്വാസം, ദൈവവിളി എന്നിവ തമ്മിലുള്ള ബന്ധത്തെക്കുറിച്ചായിരുന്നു. ഈ സിനഡിന്റെ പശ്ചാത്തലത്തിലും കേരളസഭ സമർപ്പിത ശുശ്രൂഷാരംഗത്ത് ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളുടെ പശ്ചാത്തലത്തിലും ഈ വർഷത്തെ ലോകദൈവവിളി പ്രാർത്ഥനാദിനം ഏറെ പ്രാധാന്യമർഹിക്കുന്നു.

1981-ൽ ദൈവവിളിക്കുവേണ്ടിയുള്ള അജപാലനം ഏകോപിപ്പിക്കുന്ന റോമൻ സമിതി പുറപ്പെടുവിച്ച നിർദ്ദേശത്തിൽ (No. 5) ദൈവവിളി പ്രോത്സാഹനത്തിന്റെ സഭാപരമായ മാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്: "ദൈവവിളികൾക്കുവേണ്ടിയുള്ള അജപാലന ശുശ്രൂഷ സഭയുടെ ആത്മാവിൽ നിന്നും സഭയ്ക്കുവേണ്ടി ഉടലെടുക്കുന്ന ഒന്നാണ്." രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു: "വിളിക്കുന്ന ദൈവവും വിളിക്കപ്പെടുന്ന മനുഷ്യനും തമ്മിലുള്ള ബന്ധം സഭയിലൂടെയാണ് പൂർത്തീകരിക്കപ്പെടേണ്ടത്" (*Optatam Totius* 2). അതായത്, സഭയിലൂടെയാണ് എല്ലാ തലങ്ങളിലുമുള്ള ദൈവവിളികൾ തിരിച്ചറിയപ്പെടേണ്ടതും പരിപോഷിപ്പിക്കപ്പെടേണ്ടതും. അതുകൊണ്ടുതന്നെ ദൈവവിളികളെ തിരിച്ചറിയുവാൻ സഹായിക്കേണ്ടതും അവയെ പ്രോത്സാഹിപ്പിക്കേണ്ടതും നല്ല ദൈവവിളികൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതും സഭാമക്കളായ നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.





"ഇത് ഞാൻ നിങ്ങളോട് പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടിയാണ്" (യോഹ. 15:11). അവിടുത്തെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട നാമെല്ലാവരും ഈ സന്തോഷത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. സ്നേഹം തന്നെയായ ദൈവത്തിൽ നിന്നായതുകൊണ്ട് (1 യോഹ. 4:8, 4:16) ഇത് സ്നേഹത്തിന്റെ വിളിയാണ്. അതുകൊണ്ട് ദൈവം നല്കുന്ന വിളി സ്വീകരിക്കുന്നവരിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും അനുഭൂതികൾ നിറയുന്നു.

തന്റെ സന്തോഷത്തിലേക്കും സ്നേഹത്തിന്റെ പൂർണ്ണതയിലേക്കും എത്തിച്ചേരുവാൻ ദൈവം നമുക്കോരോരുത്തർക്കുമായി ഒരുക്കുന്ന പാതകളാണ് വ്യത്യസ്തങ്ങളായ ദൈവവിളികൾ. ദൈവവിളി സ്വീകരിക്കുന്നവർക്ക് അത് നന്മയ്ക്കും വിശുദ്ധീകരണത്തിനുമുള്ള ഉപാധിയാണ്. വി. ഇഗ്നേഷ്യസ് ലയോള പറയുന്നതിപ്രകാരമാണ്: " നമ്മെ സൃഷ്ടിച്ച്, പരിപാലിച്ച് അവനിലേക്ക് നയിക്കുന്ന ദൈവത്തെ മഹത്ത്വപ്പെടുത്താനുള്ള" മാർഗ്ഗമാണ് ദൈവവിളികൾ. ദൈവം നൽകിയ വിളിയിൽ ആത്മാർത്ഥമായി ജീവിക്കുന്നതിലൂടെ ഒരുവൻ ഈശോയുടെ രക്ഷാകരകർമ്മത്തിൽ പങ്കുചേരുന്നു. അതിനാൽ ദൈവം നൽകുന്ന വിളി തിരിച്ചറിയുക, ആ വിളിക്ക് പ്രത്യുത്തരം നൽകുക എന്നത് ഓരോരുത്തരുടെയും കടമയാണ്.

ദൈവവിളി എന്നാൽ അത് പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കും മാത്രമുള്ള വിളിയല്ല. കുടുംബജീവിതവും ദൈവത്തിന്റെ വിളി തന്നെയാണ്. പൗരോഹിത്യത്തെയും സന്ന്യാസത്തെയും വിവാഹത്തെയും സഭ തുല്യ പ്രാധാന്യത്തോടെയാണ് കാണുന്നത്. "തന്നോടുകൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായുള്ള" (മർക്കോ. 3: 14-15) തന്റെ ദൗത്യം ഈ ഭൂമിയിൽ തുടർന്നുകൊണ്ടുപോകുന്നതിനുമായി ഈശോ തന്നെ സ്ഥാപിച്ചതാണ് പൗരോഹിത്യം. ദൈവമഹത്വത്തിനും ദൈവജനശുശ്രൂഷയ്ക്കുമായി ലോകത്തിന്റേതായ സന്തോഷങ്ങൾ ത്യജിച്ച് വ്രതത്രയങ്ങളിലൂടെ ഈശോയെ

കൂടുതൽ തീവ്രമായി അനുകരിക്കാൻ പരിശ്രമിക്കുന്നവരാണ് സമർപ്പിതർ. മനുഷ്യവംശത്തിന്റെ നിലനിൽപിനും നന്മയ്ക്കുംവേണ്ടി ദൈവം തന്നെ സ്ഥാപിച്ച ഒരു സംവിധാനമാണ് കുടുംബജീവിതം.

SSLC, Plus Two പരീക്ഷകൾ കഴിഞ്ഞ് പൗരോഹിത്യ-സന്യാസ പരിശീലനത്തിലേക്കു കുട്ടികൾ പ്രവേശിക്കുന്ന ഈ നാളുകളിൽ ദൈവവിളിയുടെ പ്രാധാന്യത്തെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടതുണ്ട്. പൗരോഹിത്യത്തെയും സന്യാസത്തെയും ഏറെ വിമർശിക്കുകയും വിലകുറച്ച് കാണിക്കുകയും ചെയ്യുന്ന കാലഘട്ടമാണിത്. കുടുംബങ്ങളിലെ അംഗസംഖ്യയിൽ വന്ന കുറവും പൗരോഹിത്യ-സന്യാസജീവിതങ്ങളിൽ വന്ന അപചയങ്ങളുടെ പർവതീകരിച്ചുള്ള വാർത്താവിശകലനങ്ങളും ഇന്ന് പൗരോഹിത്യ-സന്യാസ ദൈവവിളികളെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ക്രിസ്തുവിനെ ലോകത്തിൽ പ്രതിനിധാനം ചെയ്യാനുള്ള വിളിയാണ് പൗരോഹിത്യമെന്നത് നമുക്ക് മറക്കാതിരിക്കാം. ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെ നീളുന്ന സഭയുടെ കരുതലിന്റെ കരമാണ് പൗരോഹിത്യം. പ്രവേശകകൂദാശകളിലൂടെ ദൈവികജീവനിൽ ജനിപ്പിക്കാനും വി. കുർബാനയിലൂടെ ആത്മീയ ജീവിതത്തെ പരിപോഷിപ്പിക്കാനും വി. കുമ്പസാരത്തിലൂടെ ആത്മീയ രോഗങ്ങൾക്ക് സൗഖ്യം നൽകാനും രോഗീലേപനത്തിലൂടെ രോഗസൗഖ്യത്തിന്റെയും ആശ്വാസത്തിന്റെയും കരം നീട്ടാനും ജീവിതം സമർപ്പിച്ചിരിക്കുന്നവരാണ് പുരോഹിതർ. പൗരോഹിത്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശുദ്ധാത്മാക്കൾ സാക്ഷ്യം നൽകിയിട്ടുണ്ട്. ഒരു മാലാഖയെയും ഒരു വൈദികനെയും ഒരുമിച്ച് കണ്ടാൽ ആദ്യം വൈദികനെ വന്ദിക്കുമെന്ന് അസ്സീസിയിലെ വി. ഫ്രാൻസിസ് പറയുന്നു. ഈശോയെ വി. കുർബാനയിലൂടെ കൗദാശികമായി ജനിപ്പിക്കുന്ന പുരോഹിതർ പരിശുദ്ധ അമ്മയേക്കാൾ മഹത്വം അർഹിക്കുന്നവരാണെന്ന് വി. ബർണാഡ് സാക്ഷ്യപ്പെടുത്തുന്നു.

പൗരോഹിത്യത്തിലൂടെ തന്നെ അനുഗമിക്കാനുള്ള കർത്താവിന്റെ വിളി ഇന്നും സഭയിൽ തുടർന്നുകൊണ്ടിരിക്കുന്നു. ഉദാരതയോടെ ആ വിളിക്ക് സമ്മതം പറയുന്നതിന് തങ്ങളുടെ പരിമിതികളും പാപങ്ങളും യുവജനങ്ങളെ ഭയപ്പെടുത്തരുത്. ദൈവവിളി പ്രോത്സാഹനം വൈദികരുടെയും സമർപ്പിതരുടെയും മാത്രം കടമയല്ല. സഭാമക്കളായ നമ്മുടെ എല്ലാവരുടെയും കൂട്ടുത്തരവാദിത്വമാണ്. ദൈവവി





ളിയുടെ ഈറ്റില്ലമായ കുടുംബങ്ങളാണ് ദൈവവിളികളുടെ ആദ്യപരിശീലനകളരികൾ. പ്രാർത്ഥനാനിർഭരവും മാതൃകാപരവും നിർമ്മലവുമായ ജീവിതം നയിക്കുന്ന നല്ല കുടുംബങ്ങളിൽ നിന്നാണ് നല്ല ദൈവവിളികൾ ഉണ്ടാകുന്നത്. നമ്മുടെ കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നത് ദൈവവിളികൾ കുറയാനുള്ള ഒരു പ്രധാന കാരണമാണെന്ന് ഇതിനോടകം സൂചിപ്പിച്ചുവല്ലോ. ദൈവദാനമായ ജീവൻ സ്നേഹപൂർവം സ്വീകരിച്ച് വളർത്താൻ ദമ്പതികൾക്ക് കഴിയണം. തങ്ങൾ മക്കളുടെ ഉടമസ്ഥരല്ല മറിച്ച് കാവൽക്കാർ മാത്രമാണ് എന്ന യാഥാർത്ഥ്യം മാതാപിതാക്കൾ മറക്കരുത്. സമർപ്പിത വൈദികജീവിതത്തിലേക്ക് താല്പര്യം കാട്ടുന്ന മക്കളെ ഒരിക്കലും നിരുത്സാഹപ്പെടുത്തരുത്; മറിച്ച്, അവരെ പ്രോത്സാഹിപ്പിക്കണം.

നമ്മുടെ രൂപതയുടെ വൈദികപരിശീലനത്തോട് നിങ്ങൾ ഓരോരുത്തരും കാണിക്കുന്ന താല്പര്യത്തിനും പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും സാമ്പത്തികസഹായങ്ങൾക്കും ഹൃദയപൂർവം നന്ദി പറയുന്നു. നമ്മുടെ രൂപതയ്ക്കായി ഈ വർഷം പൗരോഹിത്യം സ്വീകരിക്കാൻ 10 ഡീക്കന്മാർ പരിശീലനം നടത്തിവരുന്നു. കൂടാതെ, വിവിധ സെമിനാരികളിലായി 99 പേർ വൈദികപരിശീലനത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആയിരിക്കുന്നു. പൗരോഹിത്യ ദൈവവിളികൾ നൽകി നമ്മെ അനുഗ്രഹിക്കുന്ന ദൈവത്തിന് നന്ദിയർപ്പിക്കാം. വിളഭൂമിയിലേക്ക് തുടർന്നും വേലക്കാരെ അയ്ക്കാൻ വിളവിന്റെ നാഥനോട് നമുക്ക് പ്രാർത്ഥിക്കാം. ദൈവവിളി സ്വീകരണത്തിലും പരിപോഷണത്തിലും പരിശുദ്ധ അമ്മയാണ് നമ്മുടെ മാതൃക. അമ്മയുടെ വിമല ഹൃദയത്തിന് നമ്മെ ഓരോരുത്തരെയും ഭരമേല്പിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 0477/2019 28 February 2019

Your Grace /Excellency,

As Per the decision of the XXVII Synod (2019), Session I, held from 07-18 January 2019, I would like to give the following pastrol dircection which is to be published in the Archieparchial/eparchial bulletions.

With the erection of the Eparchies of Shamshabad and Hosur, the Syro-Malabar Church has got the right for evangelization and the pastoral care all over India. Now, when the Syro-Malabar faithful approach the parish priests of their home parishes for pastoral needs, the following instructions are to be observed.

In the letter of Pope Francis to all the Bishops of India (09/10/2017) it is stated that "a member of the Syro-Malabar faithful, by virtue of the same law, is also a member of the Syro-Malabar parish where he or she is domiciled *(CCEO,* Can. 280 § 1). And hence the Syro-Malabar parish priest is the proper parish priest of all the Syro-Malabar faithful even if he/she practices in the Latin Parish.

Hence the Syro-Malabar parish priests need to get mandate/ letters from respective Syro-Malabar eparchies for the licit and valid celebration of sacraments.

a. For the celebration of the sacraments of baptism and confirmation, it is mandatory to have permission letter from the Syro-Malabar parish priests (cfr. CCEO can. 677 § 1, 678 and 683)





b For marriage, if it concerns of two Syro-Malabar faithful, the delegation should be from the Syro-Malabar parish priests for its validity *(ad validitatem).* It is the same in the case of mixed or disparity of cult marriages. If only one party is Oriental, the delegation from the Syro-Malabar parish priest is mandatory for its liceity.

c However, documentation based upon the register (eg. "free state certificate") will be accepted from either the Syro- Malabar Pastor or the Latin Pastor of the place of baptism. If other attestations are needed (eg. that the person is currently practicing), these should be given by the Pastor of the parish frequented by the individual.

A helping approach shall be more encouraging for the faithful to observe their rite in the land of migration. In case of doubts, the Eparchial curia is to be approached before proceeding.

+GrAlencherry

**Mar George Cardinal Alencherry**
Major Archbishop of the Syro-Malabar Church

The Syro-Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

# രൂപതക്കച്ചേരി

*C. 39/2019* **കൃതജ്ഞത**

നാമഹേതുക തിരുനാളിനോടനുബന്ധിച്ച് തിരുനാൾ ആശംസകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയപൂർവം നന്ദി പറയുന്നു.

*Bishop*

*C. 40/2019* **മാതൃദിനം**

മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് മാതൃദിനം. മാതൃത്വത്തിന്റെ മഹത്വത്തെപ്പറ്റി മാതാക്കളെ ബോധവതികളാക്കുന്നതിനും മക്കൾക്ക് അമ്മമാരോടുള്ള സ്നേഹബഹുമാനങ്ങൾ പ്രകടമാക്കുന്നതിനും യോജിച്ച വിധത്തിൽ പരിപാടികൾ ഇടവകയിൽ ആസൂത്രണം ചെയ്യുമല്ലോ.

*Bishop*

*C. 41/2019* **ഹെവ്പ്പദ്യാക്ക്ന - കാറോയ- വൈദിക വസ്ത്ര സ്വീകരണം**

2019 മെയ് 8-ാം തീയതി രാവിലെ 10.00-ന് കോതമംഗലം കത്തീഡ്രലിൽ വച്ച് മഠത്തിൽ ജോസഫ് - വാഴക്കുളം, മാറാട്ടിൽ പോൾ - വാഴക്കാല, പ്ലാത്തോട്ടത്തിൽ മാത്യു - ഏഴല്ലൂർ, പൊട്ടയ്ക്കൽ സെബാസ്റ്റ്യൻ - അംബികാപുരം, വാമറ്റത്തിൽ ജോൺ - ബെസ്ലേഹം എന്നിവർ ഹെവ്പ്പദ്യാക്ക്ന പട്ടവും ചേറ്റൂർ കുര്യൻ - കോട്ടപ്പടി, കല്ലറയ്ക്കൽ ജെയിംസ് - തെന്നത്തൂർ, കണയാങ്കൽ ജോൺ - പന്നിമറ്റം, കുന്നുംപുറത്ത് ജോസ് - കുട്ടമ്പുഴ, കുരീക്കാട്ടിൽ കുര്യൻ - പള്ളിയ്ക്കാമുറി, മഞ്ഞക്കടമ്പിൽ കുര്യാക്കോസ് - ഉടുമ്പന്നൂർ, മെതിപ്പാറ സ്കറിയ - ബസ്ലഹം, രാമനാട്ട് മാത്യു - കരിമണ്ണൂർ, വെട്ടിക്കുഴിച്ചാലിൽ ജോസഫ് - തൊടുപുഴ എന്നിവർ കാറോയ പട്ടവും മുണ്ടൻകാവിൽ ജോസഫ് - തൊമ്മൻകുത്ത്, മൂലയിൽ ആൻഡ്രൂസ് - കലയന്താനി, എടാട്ട് മാത്യു- മുതലക്കോടം, മരുതാമലയിൽ ആന്റണി - പൈങ്ങോട്ടൂർ, വാലംപാറയ്ക്കൽ പോൾ - ആയവന എന്നിവർ വൈദികവസ്ത്രവും സ്വീകരിക്കുന്നു. ഇവരെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം.

*Syncellus*





*C. 42 /2019* **Monthly Recollection for Priests**

***Topic for discussion in June***

Read in common Nos. 731-740 of the Catechism of the Catholic Church.

*Syncellus*

*C. 43/2019* **രൂപതാ പ്രാർത്ഥനാദിനം**

മെയ് മാസത്തിലെ രൂപതാ പ്രാർത്ഥനാദിനം ഊന്നുകൽ ലിറ്റിൽ ഫ്ളവർ ഫൊറോന പള്ളിയിൽ വച്ച് മെയ് 10-ാം തീയതി വെള്ളിയാഴ്ച നടത്തുന്നു. രാവിലെ 6.30-ന് വി. കുർബാനയോടുകൂടി ആരാധന ആരംഭിക്കുന്നതും വൈകിട്ട് 3.30 pm മുതൽ 4.30 pm വരെ പൊതു ആരാധനയോടെ അവസാനിക്കുന്നതുമാണ്. 4.30 pm-ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പണത്തോടെ പ്രാർത്ഥനാദിനം സമാപിക്കും.

*Protosyncellus*

*C. 44/2019* **അഭിഭാഷക സംഗമം**

രൂപതയിലെ മുഴുവൻ Advocates ന്റെയും ഒരു സമ്മേളനം 2019 മെയ് 14-ാം തീയതി 3.00 pm -ന് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു. അതിലേക്ക് എല്ലാ അഭിഭാഷകരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

*Protosyncellus*

*C. 45/2019* **വൈദികരുടെ 'Get togther'**

കോതമംഗലം രൂപതയിലെ മുഴുവൻ വൈദികരുടെയും ഒരു സമ്മേളനം ജൂൺ മാസം 11-ാം തീയതി ചൊവ്വാഴ്ച മൂവാറ്റുപുഴ NESTT -ൽ വച്ച് രാവിലെ 10 മുതൽ വൈകുന്നേരം 4.00 വരെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ആ മാസത്തെ മാസധ്യാനം 12-ാം തീയതി ബുധനാഴ്ച നടത്തേണ്ടതാണ്.

*Protosyncellus*

*C. 46/2019* **Mass Wine**

2019 ജൂൺ 1 മുതൽ വിശുദ്ധ ബലിക്ക് ഉപയോഗിക്കുന്ന വീഞ്ഞിന്റെ (Mass Wine) വില കുപ്പി ഒന്നിന് 150 രൂപയായിരിക്കും.

*Procurator*

*C. 46/2019* **തിരട്ട് സമർപ്പണം**

കണക്ക് ഓഡിറ്റിംഗ് കഴിഞ്ഞ പള്ളികളിലെ തിരട്ട് രൂപതാ സാമ്പത്തിക കാര്യാലയത്തിൽ നൽകേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ലഭിക്കുന്നതിനായി കാത്തിരിക്കേണ്ടതില്ല. തിരട്ടുസംബന്ധമായിട്ടുള്ള വിശദവിവരങ്ങൾ ഏപ്രിൽ മാസത്തിലെ ദൈവരാജ്യം പേജ് 26-ൽ നൽകിയിട്ടുണ്ട്.

*Procurator*

*C. 47/2019* **ഓഡിറ്റിംഗ്**

പൊതു ഓഡിറ്റിംഗിൽ പങ്കെടുക്കുവാൻ സാധിക്കാതെ പോയ പള്ളികൾക്ക് **2019 മെയ് 27 തിങ്കളാഴ്ച മൂവാറ്റുപുഴ നിർമ്മല കോളേജിന്റെ കംപ്യൂട്ടർ ലാബിൽ വച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 മണി വരെ** ഓഡിറ്റിംഗ് സൗകര്യമുണ്ടായിരിക്കും.

*Procurator*

*PC. 4/2019* **പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്**

2019 മാർച്ച് മാസം 4-ാം തീയതി 10.30 -ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കോതമംഗലം രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ അസാധാരണ സമ്മേളനം നടന്നു. മോൺ. ജോർജ് ഓലിയപ്പുറം അച്ചൻ ഏവരെയും സ്വാഗതം ചെയ്യുകയും സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കേരളനിയമപരിഷ്കരണ കമ്മിറ്റി പഠനത്തിനായി പ്രസിദ്ധീകരിച്ചിരിക്കുന്ന ക്രിസ്റ്റ്യൻ ചർച്ച് ആക്ട് ബിൽ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളും അതുമൂലം സഭയിൽ സംഭവിക്കാവുന്ന മാറ്റങ്ങളും ബിൽ വ്യാഖ്യാനിച്ചുകൊണ്ട് ബഹു. ജോർജ് തെക്കേക്കര അച്ചൻ വിശദീകരിച്ചു. ഈ ബിൽ സഭയുടെ കെട്ടുറപ്പിനെ നശിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതായതിനാൽ നടപ്പിലാക്കുവാൻ അനുവദിക്കരുത്. തുടർന്നു നടന്ന ചർച്ചയിൽ ദേവസ്വം ബോർഡോ, വക്കഫ് ബോർഡോ അതാത് സമുദായത്തെ മുഴുവൻ നിയന്ത്രിക്കുന്ന സമിതികൾ അല്ല, എന്നാൽ പുതിയ ബിൽ ക്രൈസ്തവരെ മുഴുവൻ ബാധിക്കുന്നതും നിയന്ത്രിക്കുന്നതുമാണെന്നും ആയതിനാൽ അത് സ്വീകാര്യമല്ല എന്നും അഭിപ്രായമുയർന്നു. എന്നാൽ കേരള ഗവൺമെന്റിന് ഇങ്ങനെ ഒരു ബിൽ നടപ്പിലാക്കണമെന്ന് ഒരു തീരുമാനവുമില്ലെന്ന് രാഷ്ട്രീയ വൃത്തങ്ങൾ





പറഞ്ഞതായും അറിഞ്ഞു. ചർച്ച് ആക്ട് നടപ്പിലാക്കുന്നതിനെതിരെ പസ്റ്ററൽ കൗൺസിൽ ഒരു പ്രമേയം പാസാക്കുകയും എല്ലാ അംഗങ്ങളും ഒപ്പിട്ട ഒരു മെമ്മോറാണ്ടം മുഖ്യമന്ത്രിക്കും നിയമപരിഷ്കരണ കമ്മീഷനും അയയ്ക്കുന്നതിന് തയ്യാറാക്കുകയും ചെയ്തു. ഒരു മണിയോടെ യോഗം അവസാനിച്ചു.

*Secretary*

*JS. 4/2019* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ് പരീക്ഷ **മെയ് 11-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽ** വച്ച് നടത്തുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് ഇതിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2019-2020 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പ് പരീക്ഷ എഴുതേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവർക്കും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.**

സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

*Secretary*

## മൈനർ സെമിനാരി

*MS. 14/2019* **അഭിനന്ദനങ്ങൾ... ആശംസകൾ...**

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന കോതമംഗലം കത്തീഡ്രൽ ഇടവക ഇടത്തല ജോർജ്, കാളിയാർ ഇടവക കൊച്ചുപുത്തൻപുരയിൽ ജോസഫ്, മുതലക്കോടം ഇടവക കുന്നത്ത് സ്കറിയ, വാഴക്കുളം ഇടവക നെടുങ്ങാട്ട് ജോർജ്, അരിക്കുഴ ഇടവക നെടുംപുറത്ത് സെബാസ്റ്റ്യൻ, നെടുങ്ങപ്ര ഇടവക പാറേമ്മാൻ പീറ്റർ, വടാട്ടുപാറ ഇടവക മത്തിൽ ജോസഫ്, കാവക്കാട് ഇടവക വടക്കേടത്ത് ജോസഫ്, കാവക്കാട് ഇടവക വള്ളോംകുന്നേൽ ജോസഫ്, പൈങ്ങോട്ടൂർ ഇടവക വെള്ളാംകുന്നേൽ എമ്മാനുവേൽ എന്നിവർ 2019 ഏപ്രിൽ 16-ാം തീയതി രാവിലെ 10.30-ന് കോതമംഗലം കത്തീഡ്രലിൽ വച്ച് മ്ശംശാന പട്ടം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും സ്വീകരിച്ചു. പത്തു ഡീക്കന്മാർക്കും മാതൃഭവനത്തിന്റെ പ്രാർത്ഥനാശംസകൾ.

*MS.15 /2019* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Jose Chemparathy, Muthalakodam | ₹ | 5,000 |
| 2 | Dr. Christina Cecillia Mathew in Memory of her Brother Priests of Thudiyanplackal Family | ₹ | 2,00,000 |
| 3 | Aelikutty George Oilayapuram, Mathirappilly | ₹ | 17,000 |
| 4 | One Benefactor | ₹ | 25000 |
| 5 | MSJ Provincial house | ₹ | 50000 |

*Rector*

## വിജ്ഞാനഭവൻ

*V. 33/2019* **സൺഡേ സ്കൂൾ HM, അദ്ധ്യാപകരുടെ എണ്ണം**

കഴിഞ്ഞ വർഷത്തെ സൺഡേ സ്കൂൾ HM ആരെങ്കിലും മാറുന്നുണ്ടെങ്കിൽ പുതിയ HM ന്റെ പേരും ഫോൺ നമ്പറും അദ്ധ്യാപകരുടെ എണ്ണവും വിജ്ഞാനഭവൻ ഓഫീസിൽ മെയ് 5 ന് മുമ്പ് അറിയിക്കേണ്ടതാണ്.





*V. 34/2019* **2019 ഏപ്രിൽ 10-ാം തീയതിയിലെ കാറ്റകെറ്റിക്കൽ കമ്മിറ്റി തീരുമാനങ്ങൾ**

2019 ഏപ്രിൽ 10 ബുധനാഴ്ച കോതമംഗലം ബിഷപ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഈ വർഷത്തെ കാറ്റക്കെറ്റിക്കൽ കമ്മിറ്റി യോഗം ചേർന്നു. രാവിലെ 10.30-ന് പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. തിരുസഭയെ കർത്താവ് ഏല്പിച്ചിരിക്കുന്ന ഏറ്റവും പ്രഥമവും പ്രധാനവുമായ ദൗത്യമാണ് വിശ്വാസപരിശീലനമെന്ന് അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ആധുനിക ലോകവും മാധ്യമങ്ങളുമൊക്കെ സഭയുടെ ഈ ദൗത്യം നിർവഹിക്കുന്നതിൽ പ്രതിബന്ധങ്ങളും ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നുണ്ട്. എന്നാൽ അവയെ കണ്ട് ഭയപ്പെട്ട് പിന്തിരിയാൻ സഭയ്ക്കാവില്ല. വിശ്വാസപരിശീലനം എന്ന ദൗത്യം സഭ അനുസ്യൂതം തുടരുക തന്നെ വേണം. ഡയറക്ടറച്ചൻ കഴിഞ്ഞ കമ്മിറ്റി യോഗത്തിലെ റിപ്പോർട്ടും പ്രവർത്തനവർഷ റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ചർച്ചകൾ നടന്നു. യോഗത്തിലും ചർച്ചയിലും 28 പേർ പങ്കെടുത്തു. ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1 വിശ്വാസോത്സവം പതിവുപോലെതന്നെ വരും വർഷവും നടത്താൻ തീരുമാനിച്ചു. വേനലിന്റെ കാഠിന്യം വർദ്ധിച്ചുവരുന്ന സാഹചര്യമുള്ളതിനാൽ അതാത് ഇടവകകളിലെ സാഹചര്യങ്ങൾക്കനുസരിച്ച് സമയക്രമീകരണം നടത്താവുന്നതാണ്.

2. വരുംവർഷത്തെ വിശ്വാസപരിശീലനത്തിന്റെ പൊതുവിഷയം സഭയോടും കൂദാശകളോടും ബന്ധപ്പെടുത്തി നിശ്ചയിക്കാൻ തീരുമാനിച്ചു.

3. രൂപതയിലെ വിശ്വാസപരിശീലകരെല്ലാവരും അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ദൈവശാസ്ത്ര കോഴ്സിൽ സംബന്ധിച്ചിരിക്കണമെന്ന് നിർദ്ദേശിച്ചു.

4. എല്ലാ സൺഡേ സ്കൂളിലും ഒരു മീഡിയ ടീം രൂപീകരിക്കണമെന്ന് തീരുമാനിച്ചു.

5. കേരളത്തിലെ വിദ്യാലയങ്ങളിലും കലാലയങ്ങളിലും ഭീതിജനകമാംവിധം വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തെക്കുറിച്ചും അതിന്റെ അപകടങ്ങളെക്കുറിച്ചും കുട്ടികളെയും മാതാപിതാക്കളെയും ബോധവത്ക്കരിക്കാൻ ക്ലാസ്സുകൾ നടത്തണം എന്നു തീരുമാനിച്ചു.
6. 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികളുടെ Convocation Programme അതാത് ഇടവകകളിൽ ആഘോഷമായി നടത്തണം.
7. വിശ്വാസപരിശീലനത്തിനുള്ള കുട്ടികളുടെ Contribution 20 രൂപയാക്കാൻ തീരുമാനിച്ചു.

ശ്രീ. സോമി യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചു. 1.00 മണിക്ക് ഉച്ചഭക്ഷണത്തോടെ യോഗം സമാപിച്ചു.

## *V. 35/2019* SAY EXAM- X, XII

**രജിസ്ട്രേഷൻ : 2019 മെയ് 2 മുതൽ 11 വരെ.**

**പരീക്ഷ : മെയ് 19 ഞായർ**

സമയം : 11.00 am - 01.00 pm

**റിസൽട്ട്, സർട്ടിഫിക്കറ്റ് ബുക്ക് വിതരണം : മെയ് 27**

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 18-ാം തീയതി ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 25-ന് മുമ്പ് **രൂപതാകേന്ദ്രത്തിൽ** എത്തിക്കണം.

## *V. 36/2019* വിശുദ്ധരുടെ പുസ്തകം

I മുതൽ XII വരെ ക്ലാസ്സുകളിലേക്കുള്ള ഉപപാഠപുസ്തകമായി വിശുദ്ധരുടെ ജീവചരിത്രം 2019-2020 അദ്ധ്യയനവർഷത്തിൽ ഉണ്ടായിരിക്കുന്നതാണ്. എല്ലാ കുട്ടികൾക്കും ഉപപാഠപുസ്തകം ഉണ്ടെന്ന് അദ്ധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.





## *V. 37/2019* SCC, HCC Result

മെയ് 2-ാം തീയതി റിസൽട്ട് പ്രഖ്യാപിക്കുന്നതാണ്. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 2 മുതൽ മെയ് 20 വരെ. ഇന്റേണൽ മാർക്ക് പ്രത്യേകം എഴുതാത്തവർ എഴുതി കൊണ്ടുവരേണ്ടതാണ്. **പുസ്തകം വാങ്ങാൻ വരുമ്പോൾ ബുക്ക് സീൽ ചെയ്യുവാനായിട്ട് കൊണ്ടുവരരുത്.**

## *V. 38/2019* വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ ജൂലൈ മാസത്തിൽ നടക്കുന്നതാണ്. തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

## *V. 39/2019* HM & സ്റ്റാഫ് സെക്രട്ടറി മീറ്റിംഗ്

2019 മെയ് മാസം 26-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ മൂവാറ്റുപുഴ NESTT-ൽ വച്ച് നമ്മുടെ രൂപതയിലുള്ള എല്ലാ സൺഡേസ്കൂളുകളിലെയും HM & Staff Secretary മാരുടെ മീറ്റിംഗ് ഒരുക്കിയിരിക്കുന്നു. കൃത്യസമയത്തുതന്നെ എല്ലാവരും എത്തിച്ചേരേണ്ടതാണ്. **അന്നേദിവസം വി. കുർബാനയോടുകൂടിയായിരിക്കും മീറ്റിംഗ് ആരംഭിക്കുക.**

## *V. 40/2019* പ്രവേശനോത്സവം

2019 ജൂൺ 2 ഞായറാഴ്ച പുതിയ അദ്ധ്യയനവർഷം തുടങ്ങുകയാണല്ലോ. അന്നേദിവസം ഇടവകകളിൽ പ്രവേശനോത്സവമായി ആചരിക്കുന്നത് ഉചിതമായിരിക്കും. ഒന്നാംക്ലാസ്സിൽ ചേരുന്ന കുട്ടികളെ ആഘോഷപൂർവ്വം സ്വീകരിക്കുന്നതും അവർക്ക് ചെറിയ സമ്മാനങ്ങൾ നല്കുന്നതും അവരിൽ കൂടുതൽ താല്പര്യം ഉണർത്തുന്നതിന് സഹായിക്കും. അവരുടെ മാതാപിതാക്കന്മാരെ കുട്ടികളുടെ കുർബാനയ്ക്ക് വരുവാൻ പ്രേരിപ്പിക്കുകയും പ്രവേശനോത്സവത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

ഇടവകയിലെ വിശ്വാസപരിശീലന പരിപാടികൾക്ക് ഭാവുകങ്ങൾ നേരുന്നു. ഇതിനായി സമർപ്പണബോധത്തോടുകൂടെ മുന്നോട്ടുവന്നി

ട്ടുള്ള എല്ലാ അദ്ധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

*V. 41/2019* **ബൈബിൾ നഴ്സറി**

ബൈബിൾ നഴ്സറി എല്ലാ ഇടവകകളിലും ജൂൺ 2-ാം തീയതി ആരംഭിക്കേണ്ടതാണ്. കുട്ടികൾക്ക് പുസ്തകങ്ങൾ നേരത്തേ വാങ്ങി നൽകുവാൻ ശ്രദ്ധിക്കണം.

*V. 42/2019* **സൺഡേസ്കൂൾ പുസ്തകങ്ങൾ**

സൺഡേസ്കൂൾ പുസ്തകങ്ങളുടെ വിതരണം മെയ് 20-ാം തീയതി തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുസ്തകം എത്തി എന്ന് ഉറപ്പുവരുത്തിയതിനുശേഷം വരുക.

*V. 43/2019* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.11/2019* **The Managers / HMs of all schools**

2019 -20 അദ്ധ്യയന വർഷത്തേയ്ക്കു നാം പ്രവേശിക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ. കഴിഞ്ഞുപോയ അദ്ധ്യയന വർഷത്തിൽ ഉണ്ടായിരുന്ന ഡിവിഷനുകൾ നഷ്ടപ്പെടാതിരിക്കാൻ ശ്രമിക്കുക. നമ്മുടെ കോർപ്പറേറ്റിലെ മറ്റു സ്കൂളുകളിൽ കുട്ടികൾ കുറയാത്തവിധം മാത്രമെ നമ്മുടെ സ്കൂളുകളിലേക്ക് മറ്റ് സ്ഥലങ്ങളിൽ നിന്നുള്ള കുട്ടികളെ സ്വീകരിക്കാവൂ. 2019 -20 സ്കൂൾ വർഷത്തിലെ ഡിവിഷനുകൾ സംബന്ധിച്ചുള്ള റിപ്പോർട്ട് 2019 മെയ് 25-നകം രേഖാമൂലം ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

*Edn. 12/2019* **Long Leave**

ദീർഘകാല അവധി ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നില്ല.





എന്നാൽ ഒഴിവാക്കാനാവാത്ത Long Leave എടുക്കാൻ ഉദ്ദേശിക്കുന്നവർ മൂന്നുമാസം മുമ്പ് യഥാവിധി പൂരിപ്പിച്ച ലീവ് ആപ്ലിക്കേഷൻസ് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അപേക്ഷകൾ ഈ ഓഫീസിൽ നിന്നാണ് ഗവൺമെന്റിലേക്ക് അയക്കേണ്ടത്. ലീവിന് അപേക്ഷിക്കുന്നവർ സ്വന്തം ഉത്തരവാദിത്വത്തിൽ ലീവ് പാസ്സാക്കിയെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ലീവ് പാസ്സാക്കാതെ സ്വദേശം വിടാൻ പാടില്ലെന്ന് ഗവൺമെന്റ് നിയമം അനുശാസിക്കുന്നു. ഇക്കാര്യത്തിൽ വീഴ്ച വന്നാൽ ശിക്ഷണ നടപടിക്ക് ഗവൺമെന്റ് ഉത്തരവുണ്ട്. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം സ്റ്റാഫിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

*Edn.13/2019* **Staff Statement as on 1-06-2019**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പൂരിപ്പിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

എല്ലാ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പേര്, അഡ്രസ്, ജനനത്തീയതി, റിട്ടയർമെന്റ് തീയതി, Continuous Service തീയതി, മൊബൈൽ ഫോൺ നമ്പർ, Qualification with subject തുടങ്ങിയ കാര്യങ്ങൾ തെറ്റുകൂടാതെ അതാത് കോളത്തിൽ എഴുതണം. 2 കോപ്പികൾ ഈ ഓഫീസിലേക്ക് തരണം. കൂടാതെ ഒരു കോപ്പി ഓൺലൈൻ ആയി Excel-ൽ തരികയും ചെയ്യുക. 1-6-2019 വച്ച് തന്നെ.

*Secretary*

## ബൈബിൾ അപ്പോസ്റ്റലേറ്റ്

*BA. 1/2019* **ബൈബിൾ ക്ലാസ്സുകളുടെ സർട്ടിഫിക്കറ്റ് വിതരണം**

കെ.സി.ബി.സി യുടെ ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തി വന്നിരുന്ന ബൈബിൾ പഠന ക്ലാസ്സുകളുടെ ഒന്നാംഘട്ടം അവസാനിക്കുകയാണ്. വി. മർക്കോസിന്റെ സുവിശേഷം പഠനവിഷയമാക്കിയ ഈ ക്ലാസ്സുകളിൽ 150 ഓളം ആളുകൾ പങ്കെടുത്തു. നാലു സെന്ററുകളിലായി നടത്തിയ ക്ലാസ്സുകളിലേക്ക് ആളുകളെ അയച്ച ബഹു. വികാരിമാർക്കും പങ്കെടുത്തവർക്കും നന്ദി. മെയ് 11-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്ന സമാപന സമ്മേളനത്തിൽ ക്ലാസ്സുകളിൽ പങ്കെടുത്തവർക്ക് പി.ഒ.സി. നൽകുന്ന

സർട്ടിഫിക്കറ്റ് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നൽകുന്നതാണ്. രണ്ടാംഘട്ടം ക്ലാസ്സുകൾ 2019 ഒക്ടോബറിൽ ആരംഭിക്കുന്നതായിരിക്കും. പഠനവിഷയം : പുറപ്പാടിന്റെ പുസ്തകം.

*Director*

## സോഷ്യൽ സർവീസ്

*SS.8 /2019* **നോമ്പുകാല സംഭാവന, ആശാകിരണം തുക**

കഴിഞ്ഞ മാസത്തെ "ദൈവരാജ്യ"ത്തിൽ അറിയിച്ചിരുന്നതു പോലെ ഓശാന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച നോമ്പുകാല സംഭാവനയായി നൽകുമല്ലോ!

ആശാകിരണം ടിന്നുകളിലെ തുക എടുക്കാത്തവർ മെയ് ആദ്യ ആഴ്ചയെങ്കിലും അത് വീടുകളിൽ നിന്നും പാരീഷ് കൗൺസിൽ/കുടുംബക്കൂട്ടായ്മ ഭാരവാഹികൾ വഴി ശേഖരിക്കുമല്ലോ.

മുൻപറഞ്ഞ രണ്ട് വിധത്തിലുള്ള തുകയും മെയ് പകുതിയോടെ ഇടവകകളിൽ വന്ന് സ്വീകരിക്കുന്നതാണ്. സൗകര്യപ്പെടുന്നവർക്ക് രൂപതാ സോഷ്യൽ സർവീസ് ഓഫീസിൽ നേരിട്ട് നൽകാവുന്നതാണ്. പള്ളികളിൽ വന്ന് തുക കൈപ്പറ്റിയാലും ഓഫീസിൽ തുകയടച്ചാലും അപ്പോൾ രസീത് നൽകുന്നതാണ്.

*SS. 9/2019* **ചെക്ക് / ക്യാഷ് / ക്യാഷ് ട്രാൻസ്ഫർ**

ആശാകിരണം കളക്ഷൻ തുകയും നോമ്പുകാല സംഭാവനയും ചെക്ക്/ക്യാഷ്/ക്യാഷ് ട്രാൻസ്ഫറായി നൽകാവുന്നതാണ്. തുക ട്രാൻസ്ഫർ ചെയ്യണമെങ്കിൽ ബാങ്ക് വിവരങ്ങൾ താഴെ ചേർക്കുന്നു:

Kothamangalam Social Service Society, South Indian Bank, Kothamangalam, A/c No. 0136053000032976, IFSC : SIBL 0000136

*SS. 10/2019* **അതിജീവൻ പദ്ധതി പൂർത്തീകരിച്ചു**

പ്രളയക്കെടുതിയിൽ ദുരിതമനുഭവിച്ച മേഖലയിൽ കാരിത്താസ് ഇന്ത്യയുമായി ചേർന്ന് കോതമംഗലം രൂപത സോഷ്യൽസർവീസ് സൊസൈറ്റി നടപ്പിലാക്കി വന്ന അതിജീവൻ പദ്ധതി പൂർത്തീകരിച്ചു. രൂപതയിലെ വണ്ണപ്പുറം, കീരംപാറ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചാണ്





പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം 40 ആടുകൾ, 1150 മുട്ടക്കോഴികൾ, 10 തയ്യൽ മെഷീനുകൾ, 30 ടോയ്‌ലറ്റുകൾ എന്നിവയാണ് നൽകിയത്. 5 മാസംകൊണ്ടാണ് പദ്ധതി പൂർത്തീകരിച്ചത്. പദ്ധതി വഴി 170 കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിച്ചു. കാരിത്താസ് ഇന്ത്യ നൽകിയ 10 ലക്ഷം രൂപയാണ് പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിച്ചത്. വണ്ണപ്പുറം പഞ്ചായത്തിലെ രാജഗിരി (വെള്ളള്ള്) ഇടവകയും കീരംപാറ പഞ്ചായത്തിലെ വെളിയേൽച്ചാൽ ഇടവകയും ഉൾപ്പെടുന്ന പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. രണ്ടു സ്ഥലങ്ങളിലെയും ബഹു. വികാരിയച്ചന്മാരും വിവിധ സംഘടനാഭാരവാഹികളും പഞ്ചായത്തു മെമ്പർമാരും ചേർന്നാണ് എല്ലാ സമുദായങ്ങളിലും പെട്ട ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

*SS. 11/2019* **ചികിത്സാസഹായം**

കാൻസറിനും മറ്റ് രോഗങ്ങൾക്കുമായി കഴിഞ്ഞ വർഷം (2018-2019) ചികിത്സാസഹായം നൽകിയത് 33,74,950 രൂപ. ആശാകിരണം, നോമ്പുകാല പിരിവ് എന്നിവ വഴി 2018-2019 ലെ വരവ് 17,12,332 രൂപ.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 20/2019* **വചനഭേരി ക്വിസ് മത്സരം**

ഏപ്രിൽ 13-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ രൂപതാതല ക്വിസ് മത്സരത്തിൽ 88 ടീമുകൾ, പങ്കെടുത്ത എല്ലാ കുട്ടികളെയും നന്ദിയോടുകൂടെ ഓർക്കുന്നു.

**സമ്മാനാർഹരായവർ**

**സീനിയർ വിഭാഗം**

I ജിസ്നി ജോസ്, തോമസ് ജയിംസ്, ചെപ്പുകുളം ശാഖ

II ആലീസ് ജോർജ്, സോന ബിജു, ചിലവ് ശാഖ

III ആൻമരിയ പ്രിയദാസ്, ജോഷ്മി ജോബി, പൈങ്ങോട്ടൂർ ശാഖ

IV ഐറിൻ ടോമി, ലിയ അനിൽ, നാകപ്പുഴ ശാഖ

V ജോയൽ ജോർജ്, അലീന ജോൺസൺ, മുട്ടത്തുപാറ ശാഖ

**ജൂണിയർ വിഭാഗം**

I ആഷിത ബെന്നി, എയ്ഞ്ചൽ റാണി ഷാജു, നാകപ്പുഴ ശാഖ

II എമിലിൻ ജോമി, ആൻ മരിയ ബെന്നി, മൂവാറ്റുപുഴ ശാഖ

III ജോർജ് സുനി ബാബു, ബ്രിജിറ്റ് റോസ് സാബു, വാഴക്കാല ശാഖ

IV റിയാനി മേരി റോയി, ക്ലിന്റെ മരിയ ജോർജ്, കുണിഞ്ഞി ശാഖ

V എയ്ഞ്ചലീന ബൈജു, മരിയ ജോസഫ്, നെടുങ്ങപ്ര ശാഖ

സമ്മാനാർഹരായവർക്ക് ബഹു. ഫാ. സിറിയക് ഞാളൂർ ക്യാഷ് അവാർഡും ട്രോഫിയും മെഡലും നൽകി ആദരിച്ചു.

*CML 21/2019* **ക്രിസ്റ്റീൻ ധ്യാനം**

ഏപ്രിൽ 15 മുതൽ 17 വരെ നടന്ന ക്രിസ്റ്റീൻ ധ്യാനത്തിൽ 326 കുട്ടികൾ പങ്കെടുത്തു. കുട്ടികളെ പങ്കെടുപ്പിച്ച എല്ലാ അച്ചന്മാരെയും സിസ്റ്റേഴ്സിനെയും നന്ദിയോടുകൂടി ഓർക്കുന്നു.

മെയ് 6 മുതൽ 8 വരെ 5, 6, 7, 8 ക്ലാസ്സുകളിലെ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. താല്പര്യമുള്ളവർ മുൻകൂടി രജിസ്റ്റർ ചെയ്യുമല്ലോ. രജിസ്ട്രേഷൻ ഫീസ് Rs. 600/-

*CML 22/2019* **കയ്യെഴുത്ത് മാസിക നിർമ്മാണ മത്സരം**

തൽസമയ കൈയെഴുത്ത് മാസിക നിർമ്മാണ മത്സരത്തിൽ 22 ശാഖകൾ പങ്കെടുത്തു. പ്രോഗ്രാം വിജയിപ്പിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ !

*CML 23/2019* **ചെറുസൂനം ക്വിസ്**

രൂപതാതലത്തിൽ ഏപ്രിൽ 27-ാം തീയതി നിർമ്മലാഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തിയ മെഗാ ചെറുസൂനം ക്വിസ്സിൽ പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നു.

**സമ്മാനാർഹരായവർ**

**എച്ച്.എസ്. വിഭാഗം**

1. അലീന ജോർജ് മുടവുംകുന്നേൽ, കദളിക്കാട്





2. നെവിൻ ജീസൻ ചക്കാലയിൽ, തൊടുപുഴ
3. റാണി മരിയ ജോസ് വെട്ടുകല്ലുംപുറത്ത്, ആരക്കുഴ

**യു. പി. വിഭാഗം**

1. ആഷിത ബെന്നി, കൊളവേലിൽ, നാകപ്പുഴ
2. അന്ന തെരേസ് ജോർജ് ചേലപ്പുറത്ത്, പൈങ്ങോട്ടൂർ
3. ആൻ മരിയ ജോർജ് ചേലപ്പുറത്ത്, പൈങ്ങോട്ടൂർ

*CML 24/2019* **രൂപതാ മാനേജിംഗ് കമ്മിറ്റി**

മെയ് 4-ാം തീയതി രൂപതാ മാനേജിംഗ് കമ്മിറ്റി നെസ്റ്റിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. മേഖലാ ഭാരവാഹികൾ എല്ലാവരും ഇതിൽ പങ്കെടുക്കുമല്ലോ.

അടുത്ത 3 വർഷത്തേക്കുള്ള രൂപതാ ഭാരവാഹികളുടെ ഇലക്ഷനും മെയ് 4-ാം തീയതി നടത്തുന്നതായിരിക്കും.

*Director*

## കെ.സി.എസ്.എൽ.

*KCSL 10/2019* **സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ്**

KCSL സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ് മാവേലിക്കര രൂപതയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 24 മുതൽ 27 വരെ മാവേലിക്കര പുന്നമൂട് ജീവാരാം മാർ ഇവാനിയോസ് ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. നമ്മുടെ രൂപതയിൽ നിന്ന് 13 കുട്ടികൾ ക്യാമ്പിൽ സംബന്ധിച്ചു. രൂപതാ ജോയിന്റ് ഡയറക്ടർ സി. ലിറ്റിൽ ട്രീസ സി.എം.സി. കുട്ടികളെ അനുഗമിച്ചു. പങ്കെടുത്ത എല്ലാവർക്കും കുട്ടികളെ പറഞ്ഞയച്ചവർക്കും അഭിനന്ദനങ്ങൾ.

**ക്യാമ്പിൽ പങ്കെടുത്തവർ:**

**യു. പി. വിഭാഗം**

1. അനിറ്റ് പോൾസൺ (SLTHS വാഴക്കുളം)
2. ജോവാന വിൻസെന്റ് (NPS കരിമണ്ണൂർ)
3. മേഴ്സിൻസ് ജോയി (SAGHSS മൂവാറ്റുപുഴ)

**എച്ച്.എസ്. വിഭാഗം**

1. അലൻ സന്തോഷ് (HFPS കല്ലൂർ)
2. ജോവാൻ ജെയ്സൺ (ജയ്റാണി പബ്ലിക്, കാളിയാർ)
3. അനുപമ ജിജി (ജെയ്റാണി പബ്ലിക്, കാളിയാർ)
4. അലീന സാജു (ജയ്റാണി പബ്ലിക്, കാളിയാർ)
5. മെൽവിൻസ് ജോയി (SAGHSS മൂവാറ്റുപുഴ)
6. മേഘ മാത്യു (ജയ്റാണി സ്റ്റേറ്റ്, തൊടുപുഴ)
7. അനിറ്റ് ബിബിൻ (ജയ്റാണി സ്റ്റേറ്റ് തൊടുപുഴ)

**എച്ച്.എസ്.എസ്. വിഭാഗം**

1. അഞ്ജലി പോൾസൺ (SAGHSS കല്ലൂർക്കാട്)
2. സിയ മരിയ ജയ്സൺ (SSHSS ആനിക്കാട്)
3. റോബിൻ ജയിംസ് (SMHSS കാളിയാർ)

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 25/2019* **ഫൊറോന കൗൺസിൽ**

ഏപ്രിൽ 14-ാം തീയതി തൊടുപുഴ ടൗൺ പള്ളിയിൽ വച്ച് ഫൊറോന കൗൺസിലും പുതിയ ഫൊറോന ഭാരവാഹികളെ തിരഞ്ഞെടുപ്പും നടന്നു.

*FA 26/2019* **ജൂബിലി ദമ്പതി സംഗമം**

ജുബിലി ദമ്പതി സംഗമത്തിലേക്കുള്ള ദമ്പതിമാരുടെ ലിസ്റ്റ് എല്ലാ ഇടവകകളിൽ നിന്നും മെയ് 25-ാം തീയതിക്കുള്ളിൽ നെസ്റ്റ് ഓഫീസിൽ എത്തിക്കുവാൻ താല്പര്യപ്പെടുന്നു.

*FA 27/2019* **രൂപത എക്സിക്യൂട്ടീവ്**

മെയ് 15-ാം തീയതി ബുധനാഴ്ച 10 am ന് രൂപത എക്സിക്യൂട്ടീവ് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.





*FA 28/2019* **കുടുംബനവീകരണധ്യാനം**

കുടുംബനവീകരണ ധ്യാനം മെയ്17 വെള്ളി വൈകിട്ട് 4 മുതൽ 19-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 29/2019* **ഏലീശാധ്യാനം**

ഗർഭിണികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും വേണ്ടിയുള്ള ഏലീശാധ്യാനം മെയ് 12-ാം തീയതി ഞായറാഴ്ച വൈകിട്ട് 4 മുതൽ 14-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 30/2019* **Marriage Preparation Courses in Kerala, MAY 2019**

| DIOCESE / ARCHDIOCESE | PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week | 5th Week |
|---|---|---|---|---|---|---|
| Bathery | 9526455266 | | | 17-19 | | |
| Changanacherry | 0481-2424476 | | 10-12 | 16-18 | 27-29 | |
| Ernakulam (Kaloor) | 0484-2533077 | | 5-7 | 13-15 | 20-22 | 27-29 |
| Ernakulam (Kalady) | 0484-2462607 | | | 14-16 | 21-23 | 28-30 |
| Idukki | 04864222632,9447777935 | | 11-13 | | 24-26 | |
| Irinjalakuda | 0480-2880439,9447992216 | | | 13-15 | 27-29 | |
| Kanjirappally | 0482-8205628,9497096431 | | 6-8 | | 23-25 | |
| Kochi (Latin) | 0484-2328077,8547723791 | | 9-12 | | | |
| Kollam (Latin) | 0474-2749349,9645671314 | 1-3 | | 15-17 | | |
| Kothamangalam | 0485-2989222,9495011191 | 1-3 | | 15-17 | | |
| Kottappuram (Latin) | 0480-2807733,9446605551 | 1-3 | | | | |
| Kottayam | 04812790947,9495080049 | | 9-11 | | | |
| Kozhikode | 9349437053 | 2-4 | | | | |
| Mananthvady | 0493-5241335,9567764944 | | 5-8 | | 27-30 | |
| Mavelikkara (Malankara) | 9447366149 | | 10-12 | | | |
| Neyyattinkara (Latin) | 9447005093 | | 8-10 | | | |
| Palai | 0482-2210049 | | 6-8 | | 20-22 | |
| Palakkad | 8281340073 | | 6-9 | | | |
| Pathanamthitta | 9496806089 | | 10-12 | | | |

| | | | | | |
|---|---|---|---|---|---|
| Thalassery | 0490-2343414,9446679001 | | 7-9 | | 21-23 |
| Thamarassery | 0495-2730860,9495693810 | | 6-9 | | |
| Thiruvalla | 9895556074 | | 7-9 | | 21-23 |
| Thiruvananthapuram(latin | 9895092479 | | 10-12 | | 27-29 |
| Thiruvananthapuram(malankara) | 8304841964 | | 11-13 | | |
| Thrissur | 0487-2336066,9605043327 | 1-3 | 8-10 | 15-17 | 22-2429-31 |
| Varappuzha | 0484-2393739 | 3-5 | | 17-19 | |
| Vijayapuram | 9447182300 | | 9-11 | | |

*Director*

## മാതൃവേദി

*MV 19/2019* **ഉണർവ്വ്**

ഏപ്രിൽ10-ാം തീയതിയിലെ ഉണർവ്വ് പ്രോഗ്രാമിൽ ഫാ. വർക്കി മണ്ഡപത്തിൽ അമ്മമാർക്ക് പ്രസംഗപരിശീലനത്തെ സംബന്ധിച്ച് ക്ലാസ്സെടുത്തു. ഉണർവ്വിന്റെ അടുത്ത ക്ലാസ്സ് മെയ് 21-ാംതീയതി ആയിരിക്കും.

*MV 20/2019* **ബൈബിൾ കൈയ്യെഴുത്ത് യജ്ഞം**

**നിബന്ധനകൾ**

1. പൂർണ്ണമായും കൈയ്യെഴുത്ത് ആയിരിക്കണം. ചിത്രങ്ങൾ വെട്ടി ഒട്ടിക്കുകയോ പ്രിന്റ് എടുക്കുകയോ ചെയ്യരുത്.
2. പേര് രജിസ്റ്റർ ചെയ്ത വ്യക്തിതന്നെ എഴുതണം.
3. രണ്ട് നിറത്തിലുള്ള മഷികൾ ഉപയോഗിക്കരുത്.
4. ബൈബിളിൽ ഉള്ളതേ എഴുതാവൂ. അനാവശ്യ ആമുഖങ്ങൾ വേണ്ട. എന്നാൽ തന്നിരിക്കുന്ന ഭാഗങ്ങൾക്ക് ബൈബിളിൽ നല്കിയിരിക്കുന്ന ആമുഖം എഴുതാം. ബൈബിളിനോട് എത്ര മാത്രം വിശ്വസ്തത അത്രയും നല്ലത്.
5. മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം.
6. ബൈൻഡിംഗ് അനുവദനീയമാണെങ്കിലും ഇതിന്റെ മുകളിൽ ഒന്നും കൃത്രിമമായി ഒട്ടിക്കരുത്.
7. പേപ്പറിന്റെ ഒരു വശത്തോ ഇരുവശങ്ങളിലേക്കോ എഴുതാം.





*MV 21/2019* **യൂദിത്ത് മിനിസ്ട്രി**

മെയ് 11-ാം തീയതി രാമല്ലൂർ സാൻജോഭവനിൽ വച്ച് യൂദിത്ത് മിനിസ്ട്രിയുടെ രണ്ടാം സ്ഥാപനവാർഷികം നടത്തപ്പെടുന്നു.

*MV 22/2019* **മാതൃദിനം**

മെയ് 12-ാം തീയതി മാതൃദിനത്തോടനുബന്ധിച്ച് ഇടവകകളിൽ എല്ലാ മാതാക്കളെയും സംഘടിപ്പിച്ച് ഏകദിന സെമിനാർ നടത്തുമല്ലോ.

*MV 23/2019* **വനിതാ കമ്മീഷൻ അംഗങ്ങൾ**

| | | |
|---|---|---|
| സെക്രട്ടറി | - | മോളി ജോർജ് നെടുംപുറത്ത് |
| ട്രഷറർ | - | ബിന്ദു ജോർജ് വള്ളമറ്റം |
| ജോയിന്റ് സെക്രട്ടറി | - | നൈസി ഡെനിൽ കുന്നേൽ |

*MV 24/2019* **വിവാഹസഹായ നിധി**

വിവാഹ സഹായനിധിയുടെ രൂപത വിഹിതം നെസ്റ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

*Director*

## DCMS

*DCMS 8/2019* **മാതാപിതാക്കൾക്ക് സെമിനാർ**

DCMS കുട്ടികളുടെ മാതാപിതാക്കൾക്കായി മെയ് 18, 19 തീയതികളിൽ നെസ്റ്റിൽ വച്ച് സെമിനാർ നടത്തപ്പെടുന്നു. സമയം 18-ന് രാവിലെ 9.30 മുതൽ 19-ന് രാവിലെ 9.00 വരെ. ബഹു. വികാരിയച്ചന്മാർ ഈ വിവരം പള്ളിയിൽ അറിയിക്കുമല്ലോ.

*DCMS 9/2019* **നന്ദി**

ഏപ്രിൽ മാസത്തിൽ നടന്ന ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞുവിട്ട എല്ലാവർക്കും നന്ദി.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 24/2019* **സ്റ്റേറ്റ് കമ്മിറ്റി**

DFC സംസ്ഥാന സമിതി യോഗം 06-04-2019 -ന് ദീപിക കോട്ടയം

ഓഫീസിൽ വച്ച് പുതിയ ദീപിക M.D ഫാ. മാത്യു ചന്ദ്രൻകുന്നേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപത ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു.

*DFC 25/2019* **ഫൊറോന കമ്മിറ്റികൾ**

14-04-2019 -ന് മൈലക്കൊമ്പ് ഫൊറോന കമ്മിറ്റി നാകപ്പുഴ പള്ളിയിൽ വച്ചും 25-04-2019 -ന് മാറിക ഫൊറോന കമ്മിറ്റി മാറിക പള്ളിയിൽ വച്ചും ചേർന്നു.

*DFC 26/2019* **വനിത DFC രൂപത കമ്മിറ്റി**

15-04- 2019 മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് വനിത DFC രൂപതാകമ്മിറ്റി യോഗം ചേർന്നു. വരുന്ന ജൂൺ 11-ന് വനിത DFC രൂപതാതല കൺവെൻഷൻ നടത്താൻ തീരുമാനിച്ചു.

*DFC 27/2019* **രൂപതാകമ്മിറ്റി**

DFC പുരുഷ, വനിത സംയുക്ത രൂപതാകമ്മിറ്റിയോഗം 29-04-2019-ന് മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്നു.

*DFC 28/2019* **ഡ്രീംലൈൻ പ്രോജക്റ്റ്**

DFC ഡ്രീംലൈൻ പ്രോജക്റ്റും ഭവനസന്ദർശനവും ഓരോ ഫൊറോനായിലും ഓരോ ഇടവകയിലെങ്കിലും എല്ലാ മാസവും നടത്താൻ ഫൊറോന പ്രസിഡന്റുമാർ ഉത്സാഹിക്കേണ്ടതാണ്.

*DFC 29/2019* **'ദീപിക നമ്മുടെ ഭാഷാ' പദ്ധതി**

അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള 'ദീപിക നമ്മുടെ ഭാഷാ' പദ്ധതി നടപ്പിലാക്കാൻ വേണ്ട പരിശ്രമങ്ങൾ മെയ് മാസം തന്നെ ആരംഭിക്കേണ്ടതുണ്ട്. അതിനാവശ്യമായ സ്പോൺസേഴ്സിനെ കണ്ടെത്തി ജൂൺ ആദ്യം തന്നെ സ്കൂളുകളിൽ പത്രം എത്തിക്കുവാൻ ഫൊറോന പ്രസിഡന്റുമാർ നേതൃത്വം എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*Co-ordinator*





## യുവദീപ്തി

*YD 13/2019* **DJ യുവജനധ്യാനം**

യൗവന മനസ്സുകളിൽ വിശ്വാസത്തിന്റെ വിത്തുകൾ ആഴത്തിൽ പാകുവാൻ, പ്രതിസന്ധികൾക്കു നടുവിലും യുവാവായ ക്രിസ്തുവിന്റെ ഒപ്പം ചരിക്കുന്നവരാകുവാൻ യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപത യുവജനങ്ങൾക്കായി ഒരുക്കുന്ന യുവജനധ്യാനം DJ (Days with Jesus) മെയ്10, 11, 12 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽ നിന്നും യുവജനപ്രാതിനിധ്യം ഉണ്ടാകുവാൻ ശ്രമിക്കുമല്ലോ. റവ. ഫാ. ബോസ്കോ ഞാളിയത്ത് O Carm ആണ് ധ്യാനം നയിക്കുന്നത്. ബുക്കിംഗിനായി താഴെ തന്നിരിക്കുന്ന നമ്പറുകളിൽ വിളിക്കുക.

സി. അലീന എഫ്.സി.സി. - 9447691160

ടോമിൻ മാത്യു മാതേയ്ക്കൽ - 9495535460

*YD 14/2019* **വനിതാസംഗമം**

രൂപതയിലെ യുവതികൾക്കായി വനിതാസംഗമം മെയ് 19 ഞായറാഴ്ച രാവിലെ 10 മണിക്ക് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രൂപതയിലെ മുഴുവൻ വനിതാസുഹൃത്തുക്കളെയും ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കുന്നു.

*YD 15/2019* **ഉറവ- പരിസ്ഥിതി ദിനാചരണം**

ലോകപരിസ്ഥിതി ദിനാചരണത്തോട് അനുബന്ധിച്ച് രൂപതാതല പരിസ്ഥിതി ദിനാചരണം ജൂൺ 8-ന് നടക്കുന്നതാണ്.

*YD 16/2019* **അടുക്കളപ്പച്ച - അമ്മയ്ക്കൊരു കൈത്താങ്ങ്**

യുവജനങ്ങൾക്കിടയിൽ പരിസ്ഥിതി-കൃഷി ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനായി രൂപതയിലെ യുവജനങ്ങൾക്കായി പച്ചക്കറിത്തോട്ട നിർമ്മാണമത്സരം 'അടുക്കളപ്പച്ച'- സംഘടിപ്പിക്കുന്നു. മത്സരത്തിന്റെ ഉദ്ഘാടനം പരിസ്ഥിതി ദിനാചരണവേളയിൽ നിർവഹിക്കുന്നതാണ്. മികച്ച പച്ചക്കറിത്തോട്ടത്തിന് അവാർഡുകൾ ഉൾപ്പെടെയുള്ള ഈ മത്സരത്തിന്റെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*YD 17/2019* **നന്ദി, ആനിമേറ്റേഴ്സ് - പ്രസിഡന്റ് മീറ്റ്**

ഏപ്രിൽ 13-ന് നെസ്റ്റിൽ വച്ച് നടന്ന ആനിമേറ്റേഴ്സ് മീറ്റിൽ പങ്കെടുത്ത മുഴുവൻ ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനും ഫൊറോന പ്രസിഡന്റ്സ് മീറ്റിൽ പങ്കെടുത്തവർക്കും നന്ദി.

*Director*

## ജീസസ് യൂത്ത്

*JY 7/2019* **ജീസസ് യൂത്ത് ഔട്ട് റീച്ച് ചൈൽഡ് സപ്പോർട്ട് പ്രോജക്ട്**

ജീസസ് യൂത്തിന്റെ ഔട്ട് റീച്ച് ചൈൽഡ് സപ്പോർട്ട് എന്ന പ്രോജക്ടിന്റെ ഭാഗമായി കോതമംഗലം രൂപതയിലെ 72-ഓളം കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ഈ കുട്ടികൾക്കായുള്ള ഒരു ഗ്യാതറിംഗ് മെയ് മാസം 18-നു കോതമംഗലത്തു വച്ചു സോണൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു. കോൺടാക്ട് നമ്പർ : 9645485988

*Animator*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 11/2019* **ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥന ധ്യാനത്തിന്റെ ഫോളോ അപ്പ്**

പുഷ് -2018 എന്ന പേരിൽ നവംബർ 18 മുതൽ 21 വരെ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന ദേശീയ മദ്ധ്യസ്ഥപ്രാർത്ഥന ധ്യാനത്തിന്റെ ഫോളോ അപ്പ് മാർച്ച് 26, 27 തീയതികളിൽ കളമശ്ശേരി എമ്മാവൂസിൽ വച്ച് നടന്നു.

N.S.T. ചെയർമാൻ ബ്ര. സിറിൾ ജോൺ I.A.S. ധ്യാനം നയിച്ചു. കോതമംഗലം ഉൾപ്പെടെ കേരളത്തിലെ എല്ലാ സോണുകളിൽ നിന്നും പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ പങ്കെടുത്തു.

*PG 12/2019* **പ്രവാചക മദ്ധ്യസ്ഥ പ്രാർത്ഥന**

ഏപ്രിൽ 16 ചൊവ്വാഴ്ച 10.30 am മുതൽ 2.00 pm വരെ കാരക്കുന്നം മോചനയിൽ വച്ച് കോതമംഗലം സോണിന്റെ ആഭിമുഖ്യത്തിൽ പ്രവാചക മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.





KCC RST മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രിയിൽ ബ്ര. വർഗീസ് പോൾ പറവൂർ പ്രാർത്ഥന നയിച്ചു.

*PG 13/2019* **കെരിഗ്മ ആലോചന യോഗം**

കോതമംഗലം സോണിൽ മുൻകാലങ്ങളിൽ കെരിഗ്മ കോഴ്സ് കൂടിയവരുടെ ആലോചനായോഗം ഏപ്രിൽ 27-ാം തീയതി മോചനയിൽ വച്ച് ചേർന്നു. കോതമംഗലം സോണിൽ കെരിഗ്മയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും ഏറ്റവും അനുയോജ്യമായ തിയതികളിൽ കെരിഗ്മയുടെ ഒരു പുതിയ കോഴ്സ് തുടങ്ങുവാനും തീരുമാനിച്ചു.

*PG 14/2019* **KCC RST പുനഃസംഘടന**

റവ. ഫാ. വർഗീസ് മുണ്ടയ്ക്കലിന്റെ നേതൃത്വത്തിലുള്ള KCC RST യുടെ ശുശ്രൂഷാ കാലാവധി പൂർത്തിയായതിനാൽ മെയ് 7, 8, 9 തീയതികളിൽ കളമശ്ശേരി എമ്മാവൂസിൽ വച്ച് പുതിയ സേവന സമിതിയെ തെരഞ്ഞെടുക്കുവാൻ കേരള അഡ്വൈസറി കൗൺസിൽ യോഗം ചേരും.

7, 8 തീയതികളിൽ ധ്യാനവും 9-ാം തീയതി തിരഞ്ഞെടുപ്പും ആയിരിക്കും. കേരളത്തിലെ എല്ലാ സോണുകളിലെയും KAC അംഗങ്ങൾ സംബന്ധിക്കും.

KCC RST യുടെ പുനഃസംഘടന പ്രമാണിച്ച് മാസത്തിലെ ആദ്യ ചൊവ്വാഴ്ചകളിൽ നടക്കുന്ന കോതമംഗലം സോണിന്റെ സർവീസ് ടീം യോഗം ഏപ്രിൽ 30-ന് ചൊവ്വാഴ്ച കാരക്കുന്നത്ത് വച്ച് നടക്കും.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 9/2019* **പാലിയേറ്റീവ് സമിതി**

കേരള ലേബർ മൂവ്മെന്റ് രൂപത പാലിയേറ്റീവ് സമിതിയോഗം മെയ് 16-ാം തീയതി വ്യാഴാഴ്ച രാവിലെ 10 am മുതൽ 12.30 pm വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരും.

*KLM 10/2019* **രൂപതാസമിതി**

കേരള ലേബർ മൂവ്മെന്റ് രൂപതാസമിതി മെയ് 16-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 pm മുതൽ 3.30 pm വരെ നെസ്റ്റ് പാസ്റ്ററൽ

സെന്ററിൽ ചേരും. രൂപത-സോണൽ ഭാരവാഹികൾ, തൊഴിലാളി ഫോറം പ്രസിഡന്റുമാർ എന്നിവരാണ് പങ്കെടുക്കേണ്ടത്.

*KLM 11/2019* **നിർമ്മലാ-പ്രൊലൈഫ് ജീവവിസ്മയം - ബൈബിൾ മാജിക്ഷോ**

ഏപ്രിൽ ഒന്നിന് തോക്കുപാറ സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ സുവിശേഷോത്സവത്തിന് തുടക്കംകുറിച്ചുകൊണ്ട് കോതമംഗലം നിർമ്മലാ പ്രൊലൈഫ് സമിതി അവതരിപ്പിച്ചുവരുന്ന ജീവവിസ്മയം ബൈബിൾ മാജിക്ഷോ ഇടവകവികാരി ഫാ. തോമസ് തൂമ്പുങ്കൽ ഉദ്ഘാടനം ചെയ്തു. ബൈബിൾ മജീഷ്യൻ ജോയിസ് മുക്കുടം പ്രോഗ്രാം അവതരിപ്പിച്ചു. സഭ, ദിവ്യകാരുണ്യം, വിശ്വാസം, ദൈവ-വചനം, പരിശുദ്ധാത്മാവ്, യേശുരക്ഷകൻ, സ്നേഹം, കുടുംബം, അനുസരണം, മദ്യം, മയക്കുമരുന്ന്, സോഷ്യൽമീഡിയ, ജീവന്റെ മഹത്വം തുടങ്ങി കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിശ്വാസസത്യങ്ങളെ ഉൾകൊള്ളിച്ചുകൊണ്ടുള്ളതായിരുന്നു ഏകദിന പ്രോഗ്രാം. കുട്ടികളും മുതിർന്നവരുമായി 400 -ൽ പരം ആളുകൾ പങ്കെടുത്തു.

*KLM 12/2019* **മേരികെയർ മിഷൻ**

മേരി കെയർ മിഷന്റെ ഭാഗമായുള്ള ഗർഭിണികൾക്കുള്ള പ്രത്യേക പരിശീലന പരിപാടി ഏപ്രിൽ 12, 29 തീയതികളിൽ ഞറുകുറ്റി ബെത്ലേഹം കുഞ്ഞുങ്ങളുടെ പറുദീസയിൽ വച്ച് രാവിലെ 8.00 a.m മുതൽ ഉച്ചയ്ക്ക് 2 p.m വരെ നടത്തി.

*Director*

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| May | 01 - 03 | - | Pre-Marriage Course |
| | 06 - 08 | - | Retreat for UP Students |
| | 10 - 12 | - | യുവജന ധ്യാനം (KCYM) |
| | 14 | - | Advocates' Meet |
| | 15 - 17 | - | Pre-Marriage Course |
| | 18 - 19 | - | DCMS Programme |
| | 19 | - | KCYM വനിതാധ്യാനം |

*Director*





## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മാർച്ച് 2019**

21 • കരിമണ്ണൂർ ഫൊറോന ദൈവാലയത്തിൽ നടത്തിയ നാല്പതു മണി ആരാധനയുടെ സമാപനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്നു നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കെടുക്കുകയും ചെയ്തു.

22 • രൂപതാ പ്രാർത്ഥനാദിനത്തോടനുബന്ധിച്ച് മൈലക്കൊമ്പ് ഫൊറോന ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• തൊടുപുഴ, SABS പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സുപ്പീരിയേഴ്സിന്റെ സെമിനാറിൽ സന്ദേശം നൽകി.

23 • ഊന്നുകൽ ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളുടെയും ഭക്തസംഘടനകളുടെ ഭാരവാഹികളുടെയും സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

• മൂവാറ്റുപുഴ NESTT - ൽ നടന്ന Pro-life സംസ്ഥാനതല സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

24 • പഴമ്പിള്ളിച്ചാൽ സെന്റ് മേരീസ്, നസ്രത്ത്വാലി ഇൻഫന്റ് ജീസസ് ഇടവകകളിൽ അജപാലനസന്ദർശനം നടത്തി.

26 • തൊടുപുഴ ന്യൂമാൻ കോളേജിൽ സർവീസിൽ നിന്ന് വിരമിക്കുന്ന അധ്യാപകർക്ക് നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

• SABS സന്യാസിനീ സമൂഹാംഗമായ സി. ഓസിയായുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മാറിക മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

27 • പുന്നമറ്റം, സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് നിരവത്തിനാൽ മാർട്ടിൻ- കൊച്ചുറാണി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ മാത്യുവിന് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

30 • പെരുമ്പിള്ളിച്ചിറ, സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുതിയതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു.

- CMC സന്യാസിനീസമൂഹാംഗമായ സി. റൂസീലസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കുറുപ്പംപടി, സെന്റ് പീറ്റർ & സെന്റ് പോൾ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

31 • ഇഞ്ചത്തൊട്ടി, സെന്റ് മേരീസ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

**ഏപ്രിൽ 2019**

01 • കോതമംഗലം, മൈനർ സെമിനാരിയിൽ നടത്തിയ വൊക്കേഷൻ ക്യാമ്പിൽ പങ്കെടുത്ത കുട്ടികളെ ഇന്റർവ്യൂ ചെയ്തു.

02 • എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് മൂവാറ്റുപുഴ, NESTT - ൽ നടത്തിയ സമ്മേളനത്തിൽ വിവിധ തലങ്ങളിൽ സമ്മാനാർഹരായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

05 • കോതമംഗലം രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരുന്ന ബ്രദർ ജോസ് കാവുംപുറത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാരക്കുന്നം, സെന്റ് മേരീസ് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

06 • ബിഷപ്സ് ഹൗസിൽ കൂടിയ എപ്പാർക്കിയൽ കൺസൽട്ടേഴ്സിന്റെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

07 • രാജഗിരി (വെള്ളള്ള്), ക്രിസ്തുരാജ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

08 • ബിഷപ്സ് ഹൗസിൽ നടന്ന പ്രെസ്ബിറ്ററൽ കൗൺസിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

8-9 • കോട്ടയം, ക്നാനായ മെത്രാപ്പോലീത്തൻ ബിഷപ്സ് ഹൗസിൽ നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ റീജിയണൽ മാസധ്യാനത്തിൽ പങ്കെടുത്തു.

10 • ബിഷപ്സ് ഹൗസിൽ നടന്ന എപ്പാർക്കിയൽ കാറ്റെക്കെറ്റിക്കൽ കമ്മിറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു.

- കോതമംഗലം രൂപതാംഗമായിരുന്ന തെക്കേക്കര ബഹു. മാത്യു അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കല്ലൂർക്കാട്, സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

11 • കെ.എം. മാണി സാറിന്റെ മൃതശരീരത്തിങ്കൽ പാലായിലുള്ള ഭവനത്തിൽ വച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- കോതമംഗലം, കത്തീഡ്രൽ ദൈവാലയത്തിൽ നടത്തിയ നാല്പതുമണി ആരാധനയുടെ സമാപനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്നു നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കെടുക്കുകയും ചെയ്തു.





12 • മാതൃവേദി, കോതമംഗലം ഫൊറോനയുടെ ആഭിമുഖ്യത്തിൽ കോതമംഗലം കത്തീഡ്രൽ പാരീഷ് ഹാളിൽ നടത്തിയ സ്നേഹസംഗമം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

- പുത്തൻകുളം P.L. ലൂക്കായുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പാറപ്പുഴ, സെന്റ് ജോസഫ് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
- ആരക്കുഴ, മലേക്കുരിശിൽ പുതുക്കി നിർമ്മിച്ച അൾത്താരയുടെ കൂദാശകർമ്മം നിർവഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

13 • മൂവാറ്റുപുഴ, NESTT ൽ കൂടിയ CARE A FAMILY പദ്ധതിയുടെ സഹകാരികളുടെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

14 • കല്ലേലിമേട്, സെന്റ് ജൂഡ് ഇടവകയിൽ അജപാലന സന്ദർശനം നടത്തുകയും ഓശാനയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

- കുറുപ്പംപടി, മലങ്കര യാക്കോബായ സുറിയാനി ദൈവാലയത്തിൽ ഡോ. ബാബു പോളിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

15 • കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ വി. മൂറോൻ കൂദാശ ചെയ്യുന്ന കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

16 • കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ രൂപതാ വൈദികവിദ്യാർത്ഥികൾക്ക് മ്ശംശാനപട്ടം നൽകുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു.

17 • കോതമംഗലം, CST സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

18 • കോതമംഗലം, കത്തീഡ്രൽ ദൈവാലയത്തിൽ പെസഹാ വ്യാഴാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19 • വടാട്ടുപാറ, സെന്റ് മേരീസ് ദൈവാലയത്തിൽ ദുഃഖവെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

20 • പുറപ്പുഴ, സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ദുഃഖശനിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

## BISHOP'S *Engagements*

### May 2019

| | | | | |
|---|---|---|---|---|
| 01 | Wed | Holy Qurbana | Pullluvazhy | 08.00 am |
| | | Meeting | Muthalakodam | |
| | | Holy Qurbana (Jubilee) | Perumpallichira | 04.30 pm |
| 02 | Thu | Vestition- CMC Sisters | Cathedral | 10.00 am |
| 04 | Sat | Meeting | Muvattupuzha | 10.00 am |
| | | Holy Qurbana | Dharmagiri Hospital | 06.15 am |
| 05 | Sun | Holy Qurbana | Ayavana | 04.00 pm |
| 07 | Tue | Jubilee message | Cathedral | 03.00 pm |
| 08 | Wed | Minor Orders and Vestition | Cathedral | 10.30 am |
| 09 | Thu | Holy Qurbana | Thodupuzha | 04.00 pm |
| 10 | Fri | Eparchial Prayer Day | Oonnukal | |
| 11 | Sat | Meeting | NESTT | 02.30 pm |
| | | Blessing | Kaloor, SMS Convent | 04.30 pm |
| 13 | Mon | Holy Qurbana | Snehalayam | 06.30 am |
| 14 | Tue | Baptism | Muvattupuzha | 10.00 am |
| | | Meeting of Advocates | NESTT | 03.00 pm |
| 15 | Wed | Baptism | Vadakodu | 09.30 am |
| 16 | Thu | Baptism | Muvattupuzha East | 10.00 am |
| 18 | Sat | Consecration of church | Kaithappara | 10.30 am |
| 21-23 | | Meeting | Kakkanadu | |
| 26 | Sun | Meeting | NESTT | 02.30 pm |
| 31 | Fri | Consecration of the Altar | Shobhana Convent Chapel | 03.00 pm |





## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. കുര്യാക്കോസ് വട്ടക്കുന്നുംപുറം ചരമദിനം | | 07-06-1975 |
| ഫാ. ജോൺ കൊച്ചുമുട്ടം | ” | 11-06-1973 |
| ഫാ. ജോസ് പീച്ചാട്ട് | ” | 11-06-2016 |
| ഫാ. ജോർജ് പടിഞ്ഞാറേക്കൂറ്റ് (Sr.) | ” | 14-06-1966 |
| ഫാ. ജോർജ് നമ്പ്യാപറമ്പിൽ | ” | 25-06-1995 |
| ഫാ. മാത്യു മൂഞ്ഞനാട്ട് | ” | 26-06-2014 |
| ഫാ. ജോർജ് പടിഞ്ഞാറയിൽ | ” | 28-06-2004 |